പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3083 — 10.03.2017-ൽ മറുപടിക്ക്

റിവർമാനേജ്മെന്റ് ഫണ്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോ എബ്രഹാം | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റിവർമാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് പൂർത്തിയാക്കുന്നതിന് കഴിഞ്ഞ 5 വർഷത്തിൽ അനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (എ) എം.ആർ.എഫ് ഉപയോഗിച്ച് കഴിഞ്ഞ 5 വർഷത്തിൽ അനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ കൊടുക്കുന്നു. |

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 22 |
| കൊല്ലം | 53 |
| പത്തനംതിട്ട | 67 |
| ആലപ്പുഴ | 8 |
| കോട്ടയം | 15 |
| ഇടുക്കി | ഇല്ല |
| എറണാകുളം | 353 |
| തൃശ്ശൂർ | 34 |
| പാലക്കാട് | 34 |
| മലപ്പുറം | 31 |

| | |
|---|---|
| കോഴിക്കോട് | 99 |
| വയനാട് | 5 |
| കണ്ണൂർ | 60 |
| കാസർഗോഡ് | 54 |
| ആകെ | 835 |

| ചോദ്യം | ഉത്തരം |
|---|---|
| (ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയായവ ഏതൊക്കെയാണെന്നും ബാക്കിയുള്ളവയുടെ നിലവിലെ സ്ഥിതി വിവരം എന്താണെന്നും അറിയിക്കാമോ; | (ബി) പൂർത്തിയായ പ്രവൃത്തികളുടേയും ബാക്കിയുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അനുബന്ധം (എ) ആയി ചേർക്കുന്നു. |
| (സി) പ്രസ്തുത പ്രവൃത്തികളുടെ നിർവഹണ ഏജൻസികൾ ഏതൊക്കെ ആണെന്നും പൂർത്തിയാകാനുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ ? | (സി) നിർവ്വഹണ ഏജൻസികളുടെ പേരും സർക്കാർ സ്വീകരിച്ച നടപടിയും അനുബന്ധം (ബി) ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - എ

| ജില്ല | പൂർത്തിയായ പ്രവൃത്തികൾ | ബാക്കിയുള്ളവയുടെ നിലവിലെ സ്ഥിതി |
|---|---|---|
| തിരുവനന്തപുരം | 21 | ആര്യനാട് പഞ്ചായത്തിൽ എരുമോട്, കരമനയാറിന്റെ വലതു കരയിൽ സംരക്ഷണ ഭിത്തിയുടെ നിർമ്മാണ പ്രവൃത്തി നടന്നുവരുന്നു. |
| കൊല്ലം | 51 | ശാസ്താംകോട്ട അമ്പലം കടവിന്റെ 99% വും വേലൻമൊഴി കടവിന്റെ 25%വും പണികൾ പൂർത്തീകരിച്ചിട്ടുണ്ട് |
| പത്തനംതിട്ട | 58 | പത്തനംതിട്ട ജില്ലയിലെ 3 പാലങ്ങളുടേയും കോട്ടയം ജില്ലയിലെ 2 പാലങ്ങളുടേയും നിർമ്മാണം മാത്രമേ ആരംഭിച്ചിട്ടുള്ളു. |
| ആലപ്പുഴ | 8 | എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. |
| കോട്ടയം | 9 | വെള്ളാവൂർ പഞ്ചായത്തിൽ ഏറാത്തുവടകര യു.പി. സ്കൂൾ കടവിന് സമീപം കുളിക്കടവിന്റെ നിർമ്മാണവും മണിമലയാറിന്റെ വലതുകരയുടെ തീര സംരക്ഷണവും, എരുമേലി പഞ്ചായത്തിൽ കല്ലിട്ടുംകര ഭാഗത്തിനു സമീപം കുളിക്കടവിന്റെ നിർമ്മാണവും അഴുതയാറിന്റെ തീരങ്ങളുടെ സംരക്ഷണവും മുതലായവയുടെ നിർമ്മാണവും നടക്കുന്നുണ്ട്. ആറുമാനൂർ, ചവിട്ടുവേലിക്കടവ് പാലങ്ങളുടെ പണി നിർത്തി |

| | | |
|---|---|---|
| | | വച്ചിരിക്കുകയാണ്. വെള്ളൂർ പഞ്ചായത്തിൽ പാറയ്ക്കൽ തട്ടാവേലി ഭാഗത്തിനു സമീപത്തെ കുളിക്കടവിന്റേയും മൂവാറ്റുപുഴയാറിന്റെ തകർന്ന തീര സംരക്ഷണവും, മുണ്ടോലിക്കടവ് ഭാഗത്തെ കുളിക്കടവിന്റെ നിർമ്മാണവും മണിമലയാറിന്റെ വലതുകര സംരക്ഷണം, വെള്ളൂർ പഞ്ചായത്തിൽ റെയിൽവേ പാലത്തിന് സമീപം മൂവാറ്റുപുഴയാറിന്റെ തകർന്ന തീരസംരക്ഷണവും കുളിക്കടവിന്റെ നിർമ്മാണവും പദ്ധതികൾക്ക് ടെൻഡർ ആയിട്ടില്ല. |
| ഇടുക്കി | ബാധകമല്ല | ബാധകമല്ല |
| എറണാകുളം | 332 | 10 പ്രവൃത്തികൾ റദ്ദ് ചെയ്തിട്ടുള്ളതും 9 പ്രവൃത്തികൾ പൂർത്തിയായി വരുന്നതുമാണ്. കടമ്പ്രയാർ, നിമഞ്ജനം കടവ് നവീകരണ പദ്ധതികൾ പ്രാരംഭ ഘട്ടത്തിലാണ്. |
| തൃശ്ശൂർ | എല്ലാ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട് | ബാധകമല്ല |
| പാലക്കാട് | 19 | മറ്റ് പദ്ധതികൾ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| മലപ്പുറം | 26 | രണ്ടെണ്ണം പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. ബാക്കി 3 പ്രവൃത്തികളിൽ 2 എണ്ണം സർക്കാർ ഉത്തരവിലൂടെ റദ്ദ് ചെയ്തിട്ടുള്ളതും, |

| | | |
|---|---|---|
| | | ഒരെണ്ണം തദ്ദേശവാസികളുടെ എതിർപ്പിനെ തുടർന്ന് പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്തതുമാണ്. |
| കോഴിക്കോട് | 82 | 3 പ്രവൃത്തികൾ പുരോഗമിച്ചുവരുന്നുണ്ട്. 12 പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ തയ്യാറായിട്ടില്ല. കല്ലായി പുഴയുടെ നവീകരണ പദ്ധതി ആരംഭിച്ചിട്ടില്ല. |
| വയനാട് | എല്ലാ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട് | ബാധകമല്ല |
| കണ്ണൂർ | എല്ലാ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട് | ബാധകമല്ല |
| കാസർഗോഡ് | 52 | മറ്റ് രണ്ട് പ്രവൃത്തികൾ തൂക്കുപാലം നിർമ്മാണം സംബന്ധിച്ചതാണ്. |

[signature]

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം - ബി</u>**

| ജില്ല | നിർവ്വഹണ ഏജൻസിയുടെ പേര് | സർക്കാർ സ്വീകരിച്ച നടപടി |
|---|---|---|
| തിരുവനന്തപുരം | ഇറിഗേഷൻ വകുപ്പ്. | സർക്കാർ പരിശോധിച്ചുവരുന്നു. |
| കൊല്ലം | 1. ഇറിഗേഷൻ വകുപ്പ്. 2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിംഗ് | അടിയന്തിരമായി പൂർത്തിയാക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് |
| പത്തനംതിട്ട | 1. പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രം 2. ചെറുകിട ജലസേചനം | അടിയന്തിരമായി പൂർത്തിയാക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് |
| ആലപ്പുഴ | ഇറിഗേഷൻ വകുപ്പ് | അടിയന്തിരമായി പൂർത്തിയാക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| കോട്ടയം | 1. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, കോട്ടയം 2. പ്രോജക്ട് എഞ്ചിനീയർ, നിർമ്മിതി കേന്ദ്ര, പത്തനംതിട്ട. | ...... |
| ഇടുക്കി | ബാധകമല്ല | ബാധകമല്ല |

| | | |
|---|---|---|
| എറണാകുളം | 1. Major Irrigation Department<br>2. Kerala State Coastal Area Development Corporation Ltd. | ........... |
| തൃശ്ശൂർ | Irrigation Superintending Engineer | ....... |
| പാലക്കാട് | ജില്ലാ വിദഗ്ധ സമിതി | അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| മലപ്പുറം | KIIDC, KWA, KEL | ...... |
| കോഴിക്കോട് | Irrigation Division, Kozhikkode | അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| വയനാട് | Ferns Naturalist Society | അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| കണ്ണൂർ | 1. Irrigation Department<br>2. SILK | അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| കാസർഗോഡ് | Irrigation Department | ...... |

സെക്ഷൻ ഓഫീസർ